# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1565** **01.11.2019 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) കേര വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br><br>തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഉൽപാദന ക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നല്കുന്നതാണ്. ഉയർന്ന ഉൽപാദനക്ഷമതയുള്ള / കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്. |

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്റ്റ് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീട-രോഗ നിയന്ത്രണ പരിപാടികൾ പ്രോജക്റ്റ് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി 250 ലക്ഷം രൂപ ബജറ്റ് വിഹിതമായി ചെലവഴിച്ച് വരുന്നു.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ / കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻ തോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതൈകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി നല്ലയിനം വിത്തുതേങ്ങകൾ ലഭിക്കുന്ന ഫാമുകൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | കേരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | ബി) | 2014-15 വർഷം മുതൽ കേരഗ്രാമം പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് നാളിതുവരെ 202 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച 77 കേര ഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ പദ്ധതി സഹായം 84 കൃഷിഭവനുകളിൽ നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം 2019-20 വർഷം പുതിയതായി 51 കേരഗ്രാമങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്. 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികളും സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. |
| സി) | കണ്ണൂർ ജില്ലയിൽ എത്ര കേരഗ്രാമങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | സി) | 2019-20 വർഷം കണ്ണൂർ ജില്ലയിൽ 3 കേരഗ്രാമങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പാനൂർ മുനിസിപ്പാലിറ്റി, കതിരൂർ, ചെലോറ എന്നീ കൃഷി ഭവനുകൾ മുഖേനയാണ് നടപ്പുവർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏത് പഞ്ചായത്തിനെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിനെ 2017-18 വർഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. |

[signature]

**സെക്ഷൻ ഓഫീസർ**